**File No.LSGD-DD1/8/2019-LSGD**

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - ശ്രീമതി. ഗീതാ ഭരതൻ, കുഞ്ഞുമോളത്ത് (കുപ്പക്കാട്ടിൽ) , എറണാകുളം എന്നയാൾ ഇന്ദിര ആവാസ് യോജന പദ്ധതി പ്രകാരം കൈപ്പറ്റിയ തുകയും പലിശയും ഈടാക്കി വടവുകോട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുമായി ഏർപ്പെട്ട കരാർ റദ്ദ് ചെയ്യുന്നതിന് അനുമതി നല്കി ഉത്തരവാകുന്നു.

---

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

G.O.(Rt)No.253/2019/LSGD തീയതി,തിരുവനന്തപുരം, 04/02/2019

---

പരാമർശം:- 1 ശ്രീ. ഭരതൻ, കുഞ്ഞുമോളാത്ത് (കുപ്പക്കാട്ടിൽ) , എറണാകുളം വടവുകോട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിക്ക് സമർപ്പിച്ച 16/6/2018-ലെ അപേക്ഷ.

2 ഗ്രാമവികസന കമ്മീഷണറുടെ 7.2.2018 ലെ 17629/- എച്ച്&റ്റി4/ സി.ആർ.ഡി നമ്പർ കത്ത്

**<u>ഉത്തരവ്</u>**

ശ്രീമതി. ഗീതാ ഭരതൻ, കുഞ്ഞുമോളത്ത് (കുപ്പക്കാട്ടിൽ) എറണാകുളം എന്നയാൾ 2015-16 സാമ്പത്തിക വർഷം ഐ.എ.വൈ.പദ്ധതി പ്രകാരം വടവുകോട് ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ഭവനനിർമ്മാണത്തിനുള്ള ധനസഹായമായ 2 ലക്ഷം രൂപ കൈപ്പറ്റി വീട് പണി പൂർത്തീകരിച്ചിട്ടുണ്ട്. തുടർന്ന് ഗുണഭോക്താവും ഭർത്താവും രോഗബാധിതരായതുമൂലം വന്ന കടബാധ്യതകൊണ്ടും മറ്റു വരുമാനമാർഗ്ഗങ്ങൾ ഇല്ലാത്തതുകൊണ്ടും വീട് വിൽക്കുവാൻ നിർബന്ധിതരായെന്നും എന്നാൽ 12 വർഷത്തേക്ക് വീടും സ്ഥലവും വിൽക്കാൻ പാടില്ലെന്ന് കരാർ നിലവിലുള്ളതിനാൽ ഐ.എ.വൈ. ഗുണഭോക്താവായ ശ്രീമതി. ഗീത ഭരതൻ വടവുകോട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുമായി ഏർപ്പെട്ട കരാർ റദ്ദ് ചെയ്ത് ഐ.എ. വൈ. ധനസഹായം കൊണ്ടു നിർമ്മിച്ച വീടും സ്ഥലവും വിൽക്കുന്നതിനുള്ള അനുമതി നല്കണമെന്ന് പരാമർശം (1) പ്രകാരം ശ്രീ. ഭരതൻ അപേക്ഷ സമർപ്പിച്ചിരുന്നു. ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുമായി ഉണ്ടാക്കിയ കരാർ ബാദ്ധ്യത ഒഴിവാക്കി ശ്രീമതി. ഗീത ഭരതൻ കൈപ്പറ്റിയ 2 ലക്ഷം രൂപ പലിശ സഹിതം തിരിച്ചടച്ച് വീടും സ്ഥലവും വിൽക്കുന്നതിനുള്ള അനുമതി നൽകി ബ്ലോക്ക് പഞ്ചായത്ത് കമ്മിറ്റി തീരുമാനം എടുത്തിട്ടുണ്ടെന്നും വടവുകോട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയും എറണാകുളം ദാരിദ്ര്യ ലഘൂകരണ പ്രോജക്ട് ഡയറക്ടറും അപേക്ഷയിൽ അനുകൂല നടപടികൾക്ക് ശുപാർശ ചെയ്തിട്ടുണ്ടെന്നും പരാമർശം (2) പ്രകാരം ഗ്രാമ വികസന കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിനാൽ ശ്രീമതി. ഗീത ഭരതന്റെ ബാധ്യതകൾ ഒഴിവാക്കുന്നതിനായി ഐ.എ.വൈ. പദ്ധതി പ്രകാരം കൈപ്പറ്റിയ ധനസഹായം പലിശ സഹിതം തിരിച്ചടച്ച് വസ്തുവും വീടും വിൽക്കുന്നതിനുള്ള അനുമതി നൽകാമെന്ന് ഗ്രാമവികസന കമ്മീഷണർ ശുപാർശ ചെയ്തിട്ടുണ്ട്.

2.സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഗ്രാമവികസന കമ്മീഷണറുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ, ശ്രീമതി. ഗീതാ ഭരതന്റെ സാമ്പത്തികമായ പിന്നോക്കാവസ്ഥയും ടിയാളും ഭർത്താവും രോഗബാധിതരായിരിക്കുന്ന സാഹചര്യവും പരിഗണിച്ച് മാനുഷിക പരിഗണന

നല്കി, ഒരു പ്രത്യേക കേസായി പരിഗണിച്ച് ഐ.എ. വൈ. പദ്ധതി പ്രകാരം ധനസഹായമായി കൈപ്പറ്റിയ തുകയും പലിശയും ഈടാക്കി വടവുകോട് ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിയുമായി ഏർപ്പെട്ടിട്ടുള്ള കരാർ റദ്ദ് ചെയ്ത് വീടും സ്ഥലവും വിൽക്കുന്നതിന് അനുമതി നല്കി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MINIMOL ABRAHAM
ADDITIONAL SECRETARY

പകർപ്പ്

ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം

സെക്രട്ടറി, വടവുക്കോട് ബ്ലോക്ക്പഞ്ചായത്ത്, വടവുക്കോട്

ശ്രീമതി. ഗീത ഭരതൻ, കുഞ്ഞുമോളത്ത് (കുപ്പക്കാട്ടിൽ), കക്കാട് കര, മാമല പി.ഒ., എറണാകുളം ജില്ല, 682305.

പ്രിൻസിപ്പൽ അക്കൗണ്ടൻറ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടൻറ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം

ഡയറക്ടർ, ഐ. കെ. എം., തിരുവനന്തപുരം

സ്റ്റോക്ക് ഫയൽ

ഉത്തരവിൻ പ്രകാരം
Signature valid
Digitally signed by SHAJI T R
Date: 2019.02.0[illegible] 12:40:37
IST
Reason: Approved
സെക്ഷൻ ഓഫീസർ